റാവുസാഹിബ്ബ് മിസ്റ്റർ സ. മത്തായി—അവിടത്തെ മാസ്റ്റർമാരെമാറാത്തതു അവർ ആദ്ധ്യക്കാരായതുകൊണ്ടാകുന്നു. ചിലവു കുറക്കുവാനായി അവരെ മാറ്റിയാൽ അവക്കു വലിയ മനോവേദനയാകും. കഴിയുന്നവിധത്തിലൊക്കെ ചിലവു കുറക്കുവാൻ നോക്കുന്നുണ്ട്. വേണ്ടത്രകുറക്കുവാൻ സാധിക്കാത്തതിനു കാരണങ്ങളിതെല്ലാമാണു്.

The motion was with leave withdrawn.

Demand No. XV—Medical—Rs. 3,060.

Motion No. 44.

Mr. A. K. Kunhi Moideen.—*To reduce the allotment of Rs. 2,397 for (e) supplies and Services by Rs. 600.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ—മോഷൺ ര ര ഞാൻ മൂവ് ചെയ്യുന്നില്ല.

Hence the motion was considered withdrawn.

Demand No. XIX—Public Works—Rs. 17,980.

Motions Nos. 45—55.

Mr. A. K. Kunhi Moideen.—*To reduce the allotment of Rs. 16,978 for (c) communications, buildings etc., by Rs. 1,000.*

Do *To reduce the total allotment of Rs. 17,980 under Demand No. 19 by Re. 1.*

Do *do* ,, 2.

Do *do* ,, 3.

Do *do* ,, 5.

Do *do* ,, 6.

Do *do* ,, 7.

Do *ao* ,, 8.

Do *do* ,, 10.

Do *do* ,, 1,000.

Do *To reduce the allotment of Rs. 17,980 for (c) Communications (Appendix B, class B) by Rs. 2,500.*

Motion No. 45.

Mr. A. K. Kunhi Moideen.—*To reduce the allotment of Rs. 16,978 for (c) communications, buildings, etc., by Rs. 1,000.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ— ഫ ഫ ഠ ള -ൽ തിരുവഞ്ചിക്കുളം Canal ആഫീസിലെ establishment charges ആകെ എന്തുവേണ്ടിവരും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—Budget ൽ ഇല്ല്യ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—൨,൨ ൦ ൦ രൂ. യോളം വേണ്ടിവരും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അതിൽ ൨,൦ ൦ ൦ രൂ. യും കൊടുങ്ങല്ലൂരിന്റെ പേരിലാണ് ചിലവെഴുതിയിരിക്കുന്നത ൫,൦ ൦ ൦ എങ്കിലും കുറക്കേണ്ടതാണ്. ഔദ്യോഗികമായിട്ടല്ല. ന്യായമായി നോക്കുകയാണെങ്കിൽ തന്നെ അങ്ങിനെ ചെയ്യേണ്ടതാണ്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—Establishment charges മാത്രം ൨ ൨,൭ ൦ ൦ രൂയാണ്. അപ്പോൾ contingent charges മുതലായ മറ്റു ചാർജ്ജുകളും കൂടി ചേരുന്നതായാൽ തുക വളരെ അധികമായിപ്പോകും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അവിടെനിന്നുണ്ടാകുന്ന ആകെ പിരിവ്, അവിടെനിന്നു കൊടുക്കേണ്ടതു, ഇതെല്ലാം ഒന്നു നല്ലപോലെ ആലോചിച്ചാൽ കൊള്ളാം. പിന്നെ അവിടത്തെ പണിക്കു ഒരു supervision അലവൻസ് വാങ്ങാതിരിക്കുകയൊ ഓവർസിയരുടെ pay State ൽ നിന്നു കൊടുക്കുകയൊ ചെയ്യണം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—൫ ൦൦രൂ. കു ൨൯ രൂ. വീതം supervision allowance കൊടുക്കേണ്ടതാണ്. P. W. D. ചിലവിന്റെ 15% മാത്രമെ ഇവിടെ വരുന്നുള്ളു. ഇതു എത്രയൊ ചെറിയതാണ് അതുകൊണ്ടു ഇതു മാറ്റാൻ തരമില്ല. 2½% വീതം ൩൦ രൂ, വരുന്നുണ്ട്, ആകെ ൫,൦൦൦ രൂ, യോളം വരുന്നുണ്ട്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—State ൽ മറ്റു സ്ഥലങ്ങളിൽ supervision allowance ആർ എടുക്കുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുന്നില്ലെ. അതുകൊണ്ടു അവിടുന്നു എടുക്കുന്നില്ല അല്ലെങ്കിൽ 11% ചാർജ്ജു ചെയ്യേണ്ടതാണ്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഒരു തെറ്റിനു രണ്ടു ശിക്ഷയൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—എഞ്ചിനീയർ മുതലായവരുടെ ജോലിസമയം ഇതുകൊണ്ടുള്ള ചാർജ്ജാണ് ഈ 24%.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അതിനു പണിനോക്കുവാൻ വരുമ്പോൾ T. A. കൊടുത്താൽ മതിയാകയില്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതു State ൽ നിന്നു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ആ T. A. കൊടുങ്ങല്ലൂർ വഹിച്ചാൽ പോരെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതിനു ഒരു principle ഇല്ലാതാവും.

റാവു സാഹിബ് മിസ്റ്റർ സി മത്തായി.—ഗ്രാമങ്ങളിൽ വേറെ വല്ല വേല ചെയ്യുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കൃഷ്ണമേനോൻ.— Supervision allowance വാങ്ങുന്നതിനു വല്ല ക്ലൂപ്പുമുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ.—ദേവസ്വം വർക്കിനു് $2\frac{1}{2}\%$ എന്നാണു് കോഡിൽ പറഞ്ഞിട്ടുള്ളതു്.

The motion was, with leave, withdrawn.

Motion No. 46.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 under Demand No. XIX by Re. 1.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അഴീക്കോടു—അരാകുളം റോഡു് ഏറ്റവും അപകടസ്ഥിതിയിലാണിരിക്കുന്നതു്. അതിൽക്കൂടി യാത്രചെയ്തിട്ടുള്ള ദുരിതം അനുഭവിച്ചിട്ടുള്ള നാട്ടുകാർ Chief Engineer, Police Commissioner മുതലായവർ എല്ലാം ഇതിനു സാക്ഷ്യം വഹിക്കും. ആ റോഡുകൊണ്ടുള്ള ഒരൊറ്റ ഗുണം അതിൽക്കൂടി സാധാരണ യാത്രചെയ്യുന്ന നാട്ടുകാർ വേറെ, റോഡുകളുണ്ടാക്കികിട്ടണമെന്നു ഗവൺമെണ്ടിനെ അലട്ടുന്നില്ലെന്നുള്ളതു മാത്രമാണു്. അതുകൊണ്ടു എഞ്ചിനീയർ ആ റോഡു ശരിശരിയാക്കിത്തരണം, ഇല്ലെങ്കിൽ അവിടെ ഇട്ടിട്ടുള്ള കല്ലുകൾ നീക്കി തരികയെങ്കിലും ചെയ്തേ കഴിയൂ എന്നാണു് ഞങ്ങളുടെ അപേക്ഷ.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇതു ചെയ്താൽ ബാക്കി വർക്കെല്ലാം കിടന്നുപോകും. ആദ്യം ചെയ്തപ്പോൾതന്നെ അതു വളച്ചു തെറ്റിച്ചെയ്തുപോയി. ഇനി അതെല്ലാം വീതിക്കുട്ടി വരികയാണെങ്കിൽ പത്തു പതിനായിരം രൂപാ വേണ്ടിവരും, സമയവും വളരെ വേണ്ടിവരും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—പക്ഷെ, ഒരു പുതിയ വളവില്ലാത്ത റോഡു് വേണമെന്നല്ല പറയുന്നതു്. തരമുള്ള വളവുകൾ തീർത്തുതരാമെന്നു Chief Engineer പറഞ്ഞിട്ടുള്ള സംഗതിയും ഞാൻ ഓർമ്മപ്പെടുത്തുന്നു.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതു ഞാൻ കഴിയുന്നതും നോക്കാം.

The motion was, with leave, withdrawn.

Motion No. 47.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 under Demand No. XIX by Rs. 2.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അഴീക്കോടു—കാരറോഡു്, അരാകുളം—അഴീക്കോടുവരെ കല്ലിട്ടതല്ലുവാൻ വേണ്ട ഏർപ്പാടു് ചെയ്തിട്ടുണ്ടു്. പക്ഷെ അതുകൊണ്ടു പ്രയോജനമില്ല; പടാകുളം—എറിയാടു് റോഡുവരെയെങ്കിലും ഫ ഫ ഠ-ൽ മെറ്റൽചെയ്തുതരണമെന്നുള്ള സംഗതി ഉൽബോധിപ്പിക്കുവാനാണു് ഈ cut motion.

LIBRARY ARCHIVES Kerala Legislative Assembly

Motion No. 55.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 for C—Communications—Appendix B—Class B by Rs. 2,500.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇതോടുകൂടി ഈ ഭേദഗതി മോഷനും കഴിച്ചേക്കാം.

ലോകമലേശ്വരം drainage കനാൽ സംഗതിയിൽനിന്നും ഗവണ്മെണ്ടു കൊടുങ്ങല്ലൂർ ക്യൂങ്ങളിൽ കാണിക്കുന്ന അനാസ്ഥ നല്ല പോലെ തെളിയുന്നുണ്ടു്. ഇതിനേക്കാൾ വളരെ അത്യാവശ്യമായ പണികൾ ചെയ്യുതീർക്കാനുണ്ടു്. അതുകൾ കഴിഞ്ഞിട്ടു് ഈ പ്രകൃതിപ്പണികൾ മതിയെന്നാണു് ഞാൻ പറയുന്നതു്. ഈ വിഷയത്തിൽ Standing Finance Committee യുടെ മെമ്പറും കൊടുങ്ങല്ലൂർക്കാരനുമായ ബഹുമാനപ്പെട്ട മുഹമ്മദീയ മെമ്പർ കഴിഞ്ഞകൊല്ലത്തിൽതന്നെ പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ടു്. ഞാൻ അതിനെ ബലമായി പിന്താങ്ങിയിട്ടുമുണ്ടു് ഈ സംഗതി ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുകയാണു് ഇതിന്റെ ഉദ്ദേശം.

These motions werr, with leave, withdrawn.

Motion No. 48.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 under Demand No. XIX by Rs. 3.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അറപ്പതോടു Canal മെമ്പർമാരിൽ മിക്കവരും കണ്ടിട്ടില്ലെങ്കിലും എന്റെ മുറവിളികൊണ്ടു അതു നിങ്ങൾക്കു് ചിരപരിചിതമായി തീർന്നിട്ടുണ്ടല്ലൊ. ഇതിന്റെ പണിക്കു രണ്ടായിരത്തിയഞ്ഞൂറും മൂവ്വായിരവും രൂപാ കൊള്ളിച്ചിട്ടുള്ളതല്ലാതെ ഇതുവരെ പണിനടത്തീട്ടില്ല. ൨൫൦ രിലേക്കു ൨,൦൦൦ ക. യാണു കൊള്ളിച്ചിട്ടുള്ളതു്. ഇതെന്തിനു? ഇപ്പോൾ Dredger അയച്ചു പണിചെയ്യിച്ചു വരുന്നുണ്ടു. ബ്ലാങ്ങാച്ചാൽ തോടിനു എത്ര പണം വേണ്ടിവരും. ബ്ലാങ്ങാച്ചാൽ തോടിന്റെയും അറപ്പതോടിന്റെയും കൂടി പണിക്കായി ൨൫൦ രി ലെ ബഡ്ജറ്റിൽ വക കണ്ടിട്ടുള്ള സംഖ്യ ഒട്ടുംതന്നെ മതിയാകയില്ല. കാലക്രമം കൊണ്ടു അറപ്പ തോടു ഉപയോഗമില്ലാതായി വരുന്നുണ്ടെന്നും ബ്ലാങ്ങാച്ചാൽ തോടിന്റെപണി കഴിഞ്ഞിട്ടുമതി അതിന്റെ പണിയെന്നും ബ്ലാങ്ങാച്ചാൽതോടു നേരെവടക്കോട്ടു കൊണ്ടുപോകയാണു ആവശ്യമെന്നും ജനങ്ങൾ പറയുന്നുണ്ടു. വേണ്ടുന്നതങ്ങിനെയാണെങ്കിലും കൊടുങ്ങല്ലൂരിന്റെ താല്പര്യാലികസ്ഥിതി ഓർത്താണു ഞാൻ അതിനെ നിർബ്ബന്ധിക്കാതിരിക്കുന്നതു്. തോടു കിഴക്കോട്ടുകൂടുമാറിക്കൊണ്ടുപോയാൽ കൂടെ ആശ്വാസപ്രദമായിരിക്കും. പണിതുടങ്ങുന്നതിനു മുമ്പു Chief Engineer സ്ഥലത്തുവന്നു നോക്കിയാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ.—കടലാക്രമണം ഉണ്ടാവാൻ വഴിയുണ്ടു്. പക്ഷെ കടൽ വരണമെങ്കിൽ അനവധി ലക്ഷം രൂപക്കുള്ള തെങ്ങുകൾ നശിപ്പിച്ചിട്ടുവേണം. അപ്പോൾ ഗവമ്മെണ്ടിലേക്കും ന്യൂ ൦ ൦ ൦ ക. പോട്ടെഎന്നുവിചാരിച്ചിട്ടാണു്. അതിന്നുതന്നെ കാലം വളരെവേണ്ടിവരും

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അദ്ദിം ബ്ലങ്ങാച്ചാൽ തോട്ടു തുടങ്ങുകയല്ലെ നല്ലതു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അതു അദ്ദിംതുടങ്ങിയാൽ മറ്റു യാതൊന്നും നടക്കുകയില്ല. അതുകൊണ്ടാണു് ഇതു തുടങ്ങിയതു.

The motion was, with leave, withdrawn.

Motions Nos. 50 & 51.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 under Demand No. XIX by Rs. 6.*

Do do by Rs. 7.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ,—അഴിക്കോട്ടചന്തക്കുസമീപം പൊതുന്തോടിന്നു ഒരുപാലമില്ലാത്ത ബുദ്ധിമുട്ടു വളരെയുണ്ടു്. പാലം ഉണ്ടാക്കിക്കിട്ടുവാൻ ജനങ്ങൾ അപേക്ഷിച്ചിട്ടുണ്ടു്. പല്ലിറവിലേജിൽ പുറമ്പോക്കു വഴികളുടെ ദുർഭിക്ഷം ധാരാളമുണ്ടു്. തന്നിമിത്തം അവിടെയും വലിയബുദ്ധിമുട്ടുകൾ കാണുന്നു.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ.—കഴിഞ്ഞകൊല്ലമല്ലെ ഒരു റോഡു പണിതതു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അതു കുഴപ്പത്തിൽ കിടക്കുകയാണു്.

റാവു സാഹിബു് മിസ്റ്റർ സി. മത്തായി.—റോഡിന്നു തരക്കേടൊന്നുമില്ല ഇപ്പോൾ.

These motions were, with leave, withdrawn.

Motions Nos. 52—53.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 under Demand No. XIX by Rs. 8.*

Do do by Rs. 10.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ,—അവിടെ ഇനിയും റോഡുകൾ ശരിയായിട്ടില്ല പിന്നെ, അഴിക്കോട്ടു നിന്നു എറിയാടു മുതലായ സ്ഥലങ്ങളിലേക്കു പോകുന്നതോടും, പൊതുന്തോടു, ചെറുതോടു മുതലായവ വെട്ടിനന്നാക്കണമെന്നു Chief Engineer കു ഞാൻ എഴുതിഅയച്ചിട്ടുണ്ടു്. ആപണികഴിയുന്നതും വേഗത്തിൽ നടത്തിയാൽ കൊള്ളാം.

These motions were, with leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Motion No. 49.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 under Demand No. XIX by Rs. 5.*

മി. എ. കെ. കുഞ്ഞുമൊയ്തീൻ.—എറിയാട്—പടാകുളം റോഡ് മെറ്റൽചെയ്യാത്തതു് കൊണ്ടു് ജനങ്ങൾക്കു വലിയ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് ആ റോഡ് ഉടനെ മെറ്റൽ ചെയ്യിക്കണമെന്നാപേക്ഷയുണ്ടു്.

The motion was, with leave, withdrawn.

Motion No. 54.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 17,980 under Demand No. XIX by Rs. 1,000.*

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മെഷൺ നംബർ ൪ ർ ഞാൻ മൂവ് ചെയ്യുന്നില്ല.

Hence the motion was considered withdrawn.

Demand No. XX.—Miscellaneous—Rs. 4,000.

Motion No. 56.

Mr. C. A. Kunjunni Raja.—*To omit the lump allotment of Rs. 4,000 for lump provision, etc.*

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—ൻ ൽലക്ഷം ൧൫ ,൦ ൦ ൦ കയാക്കി കുറച്ചിട്ടുള്ളതു പോലെ ഈ ർ,൦ ൦൦ ൽ അതനുസരിച്ചു കുറവു ചെയ്യാവുന്നതാണു്.

രാമവമ്മതമ്പുരാൻ.—അതിനെ ആലോചിച്ചാണു് ർ ,൦൦൦ നെ ആയിരമാക്കിയതു്. അതു് ആ proportionആയൊ എന്നാണു്.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണി രാജാ.—ആയിരം ആക്കിയൊ?

രാമവമ്മതമ്പുരാൻ.—ഉവ്വു്.

The motion was, with leave, withdrawn.

Demand No. XXII—Industries—Rs. 1,940.

Motion No. 57.

Mr. A. K. Kunhi Moideen.—*To reduce the total allotment of Rs. 1,940 under Demand No. XXII by Re. 1.*

മിസ്റ്റർ. എ. കെ. കുഞ്ഞുമൊയ്തീൻ.—ഇതു Industrial School മാറേറണ്ട ആവശ്യത്തെപ്പററി പറയുവനാണു

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—Cranganur Works നെപ്പററിപ്പറയുമ്പോൾ അതെല്ലാം ചെയ്തുതുടങ്ങിയാൽ അവിടത്തെ income നോക്കിയാൽ ഏഴൊ, എട്ടൊ കൊല്ലം കഴിഞ്ഞെ മററു പണികളെടുക്കുവാൻ സാധിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly